പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**പോലീസുകാർ പ്രതികളാകുന്ന കേസുകളുടെ അന്വേഷണം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :162** 28/11/2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പോലീസുകാർ പ്രതികളാകുന്ന കേസുകൾ പോലീസുകാർ തന്നെ അന്വേഷിക്കുന്ന രീതി നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | പോലീസുദ്യോഗസ്ഥർ പ്രതികളാകുന്ന കേസുകൾ ആയതിന്റെ ഗുരുതര സ്വഭാവം കണക്കിലെടുത്ത് ഉയർന്ന പോലീസ് ഉദ്യോഗസ്ഥരാണ് അന്വേഷിച്ചു വരുന്നത്. |
| (ബി) | ഇത്തരം അന്വേഷണം സത്യസന്ധവും നീതിയുക്തവും നിഷ്പക്ഷവുമാണെന്ന് ഉറപ്പുവരുത്തുന്നതെങ്ങനെയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇത്തരം അന്വേഷണം നീതിയുക്തവും നിഷ്പക്ഷവുമാക്കുന്നതിന് ഉന്നത പോലീസ് ഉദ്യോഗസ്ഥർ മുഖേന നിരീക്ഷിച്ചു വരുന്നതും, നിർദ്ദേശങ്ങൾ യഥാസമയം നൽകിയും വരുന്നുണ്ട്. |
| (സി) | പോലീസുകാർക്കെതിരെയുള്ള പരാതികളും കേസുകളും അന്വേഷിക്കുന്നതിന് പോലീസിതര ഏജൻസി രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്തുമോ എന്നറിയിക്കാമോ? | (സി) | പോലീസുകാർക്കെതിരെയുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനായി പോലീസ് കംപ്ലയിന്റ് അതോറിറ്റി എന്ന സംവിധാനം നിലവിലുണ്ട്. ഈ ആവശ്യത്തിനായി മറ്റ് ഏജൻസികൾ രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ